# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :30.12.2023 മുതൽ 03.01.2024വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി.-104/2023 | തീയ്യതി: 29/12/2023 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.5 – 35.8 | 23.6 – 24.4 | 55 – 81 | 00 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 30-12-2023 | 31-12-2023 | 01-01-2024 | 02-01-2024 | 03-01-2024 |
|---|---|---|---|---|---|
| മഴ, മി.മീ | 0.1 | 0.1 | 0.1 | 0 | 0 |
| കൂടിയതാപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 24 | 24 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 81 | 81 | 81 | 81 | 85 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 55 | 55 | 55 | 55 | 62 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 4 | 4 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 230 | 290 | 270 | 290 |
| മേഘവിന്യാസം, ഒക്ടാ | 7 | 7 | 6 | 3 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** | | |
| | മഴയില്ല. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. അതിനാൽ പകൽ താപനിലയും രാത്രി താപനിലയും തമ്മിൽ വ്യത്യാസമുണ്ടാകും. | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | വിളയുടെ തടങ്ങളിൽ പുതയിടുക.<br>വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും | | |
| പച്ചക്കറികൾ | പലയിടങ്ങളായി വിവിധ ഘട്ടങ്ങൾ (വിത്തിടൽ മുതൽ പുഷ്പിക്കൽ വരെ) | മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>വിളയുടെ തടങ്ങളിൽ പുതയിടുക. വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും.<br>മുൻ കരുതലായി , പ്രത്യേകിച്ചും ജൈവ കൃഷി ചെയ്യുന്നയിടങ്ങളിൽ, രണ്ടാഴ്ചയിൽ ഒരിക്കൽ വേപ്പധിഷ്ഠിത കീടനാശിനി 2g ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കി ഇലകളിലും തണ്ടിലും തളിക്കുക.<br><br>പുഷ്പിക്കുന്ന ഘട്ടമായാൽ 5000ppm ബോറോൺ മിശ്രിതം (സൊല്യൂബോർ 5g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. | |
| തെങ്ങ് | കായ്ക്കുന്ന തെങ്ങുകൾ | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>ഉപയോഗ ശൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ലെക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | പൊള്ളു രോഗം<br> | ഒരുലിറ്റർ വെള്ളത്തിന് രണ്ടുമില്ലി ഹെക്സകൊണാസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |

| | | | |
|---|---|---|---|
| കശുമാവ് | തളിരിടുയും പൂക്കുകയും ചെയ്യുന്ന സമയം | തേയിലകൊതുകുംഅനുബന്ധ പൂപ്പൽ രോഗങ്ങളും  | മാങ്കോസെബ് 2 ഗ്രാം വീതവും എക്കാലക്സ് 2 മില്ലി വീതവും ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |
| മാവ് | കായ്ക്കുന്ന ഘട്ടം | പൂങ്കുല തുള്ളൻ  | 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക |
| പ്ലാവ് | വിവിധ ഘട്ടം | പൂപ്പൽ മൂലമുള്ള കായ് കൊഴിച്ചൽ  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | | |
|---|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ

ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി